ഉത്തരം

(എ) ആനുകൂല്യങ്ങൾ ഒന്നും തന്നെ കൊടുക്കാറില്ല.

(ബി) ഉണ്ട്.

(സി) വിചാരണത്തടവുകാരെ വിട്ടയക്കുമ്പോൾ അവർക്ക് സ്വന്തമായി യാത്രാ ചെലവ് കണ്ടെത്താനുള്ള കഴിവില്ലെങ്കിൽ അവരുടെ യാത്രാദൂരത്തേക്കുള്ള കുറഞ്ഞ ട്രെയിൻചാർജ്/ബസ്ചാർജ് നൽകി വരുന്നു.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ജീവപര്യന്തം തടവുകാരുടെ കണക്ക്

97 [1572] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കേസ്സുകളിൽ ജീവപര്യന്തം തടവുശിക്ഷക്ക് വിധിക്കപ്പെട്ട് സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കഴിയുന്ന തടവുകാർ എത്രയെന്ന് ജയിൽ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവരിൽ സ്ത്രീകൾ എത്രയെന്നും പുരുഷൻമാരെത്രയെന്നും അറിയിക്കുമോ;

(സി) ജീവപര്യന്തത്തിന്റെ കാലാവധി പൂർത്തിയായിട്ടും ജയിലിൽ കഴിയുന്നവരുടെ എണ്ണം എത്രയെന്നും ഓരോ ജയിലിലും ഇവരുടെ എണ്ണം എത്രയെന്നും ഇവയിൽ എത്ര സ്ത്രീ തടവുകാരുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ജയിലിനെ സംബന്ധിച്ചും എത്ര ജയിൽ റിവ്യൂ കമ്മിറ്റികൾ കൂടുകയുണ്ടായിയെന്നും അറിയിക്കുമോ;

(ഇ) പ്രസ്തുത കമ്മിറ്റികളിൽ കാലാവധി പൂർത്തിയാക്കിയവരും നല്ലനടപ്പുകാരുമായ തടവുകാരെ മോച്ചിപ്പിക്കുന്നത് സംബന്ധിച്ച് കൈക്കൊണ്ട തീരുമാനങ്ങളും തുടർ നടപടികളും വ്യക്തമാക്കുമോ;

(എഫ്) ശിക്ഷാകാലാവധി പൂർത്തിയായതിനുശേഷവും ജയിൽ മോചനം കാത്തു കഴിയുന്ന തടവുകാരെ മോചിപ്പിക്കുന്നതിനു ഉടനടി എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആകെ 1086 പേർ. ജയിൽ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

സെൻട്രൽ പ്രിസൺ, തിരുവനന്തപുരം	..	447
സെൻട്രൽ പ്രിസൺ, വിയ്യൂർ	..	41
സെൻട്രൽ പ്രിസൺ, കണ്ണൂർ	..	360
തുറന്ന ജയിൽ, നെടുകാൽത്തേരി	..	227
വനിതാ ജയിൽ, നെയ്യാറ്റിൻകര	..	11
ആകെ	..	1086

(ബി) സ്ത്രീകൾ .. 29

പുരുഷൻമാർ .. 1057

ആകെ .. 1086

(സി) ജീവപര്യന്തം ശിക്ഷ എന്നാൽ ജീവിതാവസാനം വരെയുള്ള ശിക്ഷ എന്നാണ് അർത്ഥം ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവർ ജയിലിൽ 14 വർഷമെങ്കിലും (യാതൊരുവിധ ഇളവുകളും കൂടാതെ) കഴിഞ്ഞിരിക്കണമെന്നാണ് വ്യവസ്ഥ. അപ്രകാരം 14 വർഷം ശിക്ഷ പൂർത്തിയാക്കിയ 32 തടവുകാർ സംസ്ഥാനത്തെ വിവിധ ജയിലുകളിലായി ഉണ്ട്. ഇവരുടെ ജയിൽ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

	പുരുഷൻ	സ്ത്രീ
സെൻട്രൽ പ്രിസൺ, തിരുവനന്തപുരം	14	..
സെൻട്രൽ പ്രിസൺ, വിയ്യൂർ	4	..
സെൻട്രൽ പ്രിസൺ, കണ്ണൂർ	13	..
വനിതാ ജയിൽ, നെയ്യാറ്റിൻകര	..	1
ആകെ	31	1

(ഡി, ഇ) ബഹു. ഹൈക്കോടതിയുടെ ക്രിമിനൽ എം. സി. 400/2001/-ൻമേൽ 4-6-2002-ലെ വിധിന്യായത്തിലെ നിർദ്ദേശമനുസരിച്ച് ജീവപര്യന്തം തടവുകാരുടെ ശിക്ഷ ഇളവ് ചെയ്ത് വിടുതൽ ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിക്കുന്നതടക്കം വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ ഒരു ഉന്നത അധികാര

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു വരികയാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്റ്റേറ്റ് പ്രിസൺ റിവ്യൂ കമ്മിറ്റി കൂടുകയുണ്ടായില്ല.

(എഫ്) ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാരാരും ഇപ്പോൾ ജയിലുകളിൽ ഇല്ല.

ജീവപര്യന്തം തടവുകാരും പരോൾ വ്യവസ്ഥകളും

98 [1573] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിൽ ശിക്ഷയ്ക്ക് വിധേയമായി കഴിയുന്നവർ എത്ര പേരുണ്ട്;

(ബി) ഇതിൽ ജീവപര്യന്തം ശിക്ഷയ്ക്ക് വിധേയരായവർ എത്ര;

(സി) പരോൾ നൽകുന്നതിന് ഇന്നു സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ഇപ്പോൾ എത്രപേർ പരോളിൽ പുറത്ത് നിൽക്കുന്നുണ്ട് എന്നു വ്യക്തമാക്കുമോ;

(ഇ) പരോൾ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനു സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എഫ്) ജയിലിൽ ഇന്നു നൽകിവരുന്ന ഭക്ഷണക്രമം എന്താണ്; ഇത് പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നു വിശദീകരിക്കാമോ?

ഉത്തരം

(എ) 2,206 പേർ (1-1-2004-ലെ കണക്ക് അനുസരിച്ച്).

(ബി) 1,115 പേർ.

(സി) ഒരു വർഷമോ അതിനുമേലോ ശിക്ഷിയ്ക്കപ്പെട്ടിട്ടുള്ളവരും ആകെ ശിക്ഷയുടെ $\frac{1}{3}$ അല്ലെങ്കിൽ രണ്ട് വർഷമോ ഇതിലേതാണോ കുറവ് അത്രയും ശിക്ഷ അനുഭവിച്ചിട്ടുള്ള തടവുകാർക്ക് ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റേയും പ്രൊബേഷൻ ഓഫീസറുടെയും അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6 മാസത്തിലൊരിയ്ക്കൽ 30 ദിവസത്തെ സാധാരണ അവധി നൽകിവരുന്നു.

2/197/2013—17.

LIBRARY ARCHIVES Kerala Legislative Assembly